
## എ.ടി മുഹമ്മദ്



**ജമാഅത്തെ** ഇസ്‌ലാമിക്ക് വളക്കൂറുള്ള ശാന്തപുരം പ്രദേശത്തിനടുത്തായിട്ടുപോലും 1983 വരെയും സംഘടനയുമായി ബന്ധപ്പെട്ട കാര്യമായ പ്രവർത്തനങ്ങളൊന്നും പെരിന്തൽമണ്ണയിലുണ്ടായിരുന്നില്ല. ജമാഅത്തുമായി ബന്ധമുണ്ടായിരുന്നവർ, ഈയുള്ളവനടക്കം ഇടക്കിടെ ശാന്തപുരം ലോഡ്ജിൽ കണ്ടുമുട്ടാറുണ്ടായിരുന്നു. ഏരിയാ ഓർഗനൈസറായിരുന്ന സി.ടി സാദിഖ് മൗലവിയുടെ നിർദേശമനുസരിച്ച് അന്ന് ശാന്തപുരം ലോഡ്ജ് മാനേജറായിരുന്ന വി.കെ ബാപ്പു സാഹിബിന്റെ നേതൃത്വത്തിൽ പ്രസ്ഥാനത്തിന് ഒരു വ്യവസ്ഥാപിത ഘടകം രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. ഇതിനിടയിലാണ് അഞ്ചുവർഷമായി സുഊദിയിൽ സജീവ പ്രവർത്തകനായിരുന്ന ജൂബിലി റോഡിലെ അരിമ്പ്രത്തൊടി മുഹമ്മദ് എന്ന എ.ടി മുഹമ്മദ് സാഹിബ് നാട്ടിൽ വരുന്നത്.

പോലീസിൽ സർവീസിലുണ്ടായിരുന്നുവെങ്കിലും സാമ്പത്തിക പ്രയാസങ്ങൾ കാരണം ലീവെടുത്ത് സുഊദിയിൽ ജോലി നോക്കിയ അദ്ദേഹം അവിടെ സജീവമായി ഇസ്‌ലാമിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. നാട്ടിൽ മടങ്ങിയെത്തി ലക്കടിയിൽ ഔദ്യോഗിക ജോലിയിൽ പ്രവേശിച്ചതിന്റെ അടുത്ത ദിവസം തന്നെ ശാന്തപുരം ലോഡ്ജിലെത്തുകയും അഞ്ച് പ്രവർത്തകർ ഉൾക്കൊള്ളുന്ന ഒരു ഘടകത്തിന് ആരംഭം കുറിക്കുകയും ചെയ്തു. ഔദ്യോഗിക കൃത്യനിർവഹണത്തിന് യാതൊരു ഭംഗവും വരുത്താതെ പ്രവർത്തനങ്ങൾക്ക് മുഹമ്മദ് സാഹിബ് നേതൃത്വം നൽകി. വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലുമായി നിരന്തരമായി സ്ക്വാഡുകൾ നടത്തുകയും ധാരാളം വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കുകയും പ്രവർത്തകരെ അതിന് പ്രേരിപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് പ്രസ്ഥാനത്തിന് സ്ഥാപനങ്ങളുണ്ടായപ്പോൾ ഈ വ്യക്തി ബന്ധങ്ങൾ ഏറെ സഹായകമാകുകയും ചെയ്തു.


പാലക്കാട്, മലപ്പുറം ജില്ലകളുടെ വിവിധ പ്രദേശങ്ങളിൽ ജോലി ചെയ്തിരുന്ന വേളയിൽ സമൂഹത്തിലെ സുമനസ്സുകളുമായി നന്മയിൽ വർത്തിക്കുകയും അതതു പ്രദേശത്തെ ജമാഅത്ത് പ്രവർത്തകരുമായി സൗഹൃദം നിലനിർത്തുകയും ചെയ്തു. സർക്കാർ ജോലിയിൽ നിന്നും വിരമിച്ചതിനുശേഷം പെരിന്തൽമണ്ണ ഹൽഖയുടെ നാസിമായും, അംഗമായതിനെ തുടർന്ന് ഏരിയ ഓർഗനൈസറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. നാട്ടിലെ സാമൂഹിക സംരംഭങ്ങളിലും പ്രശ്നങ്ങളിലും ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുമ്പോൾ തന്നെ, പ്രസ്ഥാനത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. പെരിന്തൽമണ്ണ ടൗണിലെ മസ്ജിദുൽ ഹുദ, പാതായ്ക്കരയിലെ മസ്ജിദുൽ ഹിലാൽ, പള്ളിയുടെ കൊമേഴ്സ്യൽ ബിൽഡിംഗ്, മദ്റസ, ഓഡിറ്റോറിയം എന്നിവ സ്ഥാപിക്കുന്നതിലും വളർത്തിക്കൊണ്ടുവരുന്നതിലും അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു.

ഭാര്യ ആമിന. സ്വലാഹുദ്ദീൻ അയ്യൂബി (എഴുത്തുകാരൻ), എ.ടി ഷറഫുദ്ദീൻ (സോളിഡാരിറ്റി മലപ്പുറം ജില്ലാ പ്രസിഡന്റ്), എ.ടി ഷംസുദ്ദീൻ (കരുവാരക്കുണ്ട് ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പൽ), ഖൈറുന്നിസ്സ, ഖമറുല്ലൈല, ഉമ്മുസൽമ, ശാഹിദ, ത്വാഹിറ എന്നിവർ മക്കളാണ്

**ഒ.പി ഖാലിദ്, പെരിന്തൽമണ്ണ**

## പി.എം മുഹമ്മദുണ്ണി ഹാജി


**കൊച്ചനൂരിലെ** ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാല സാരഥികളിലൊരാളായിരുന്നു പി.എം മുഹമ്മദുണ്ണി ഹാജി. 1959-ൽ കെ. മൊയ്തു മൗലവിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട കൊച്ചനൂർ ജമാഅത്തെ ഇസ്‌ലാമി ഹംദർദ് ഹൽഖയിലെ നാലു അംഗങ്ങളിൽ ഈയുള്ളവനോടൊപ്പം മുഹമ്മദുണ്ണി സാഹിബും അംഗമായിരുന്നു. യാഥാസ്ഥിക വിഭാഗത്തിന്റെ ബഹുമുഖങ്ങളായ എതിർപ്പുണ്ടായിട്ടും 1960-70 കാലഘട്ടങ്ങളിൽ പ്രസ്ഥാനത്തിന്റേതായ മസ്ജിദ്, മദ്റസ, ലൈബ്രറി എന്നിവ നിർമിക്കുന്നതിന് അദ്ദേഹം നേതൃപരമായ പങ്കുവഹിക്കുകയുണ്ടായി. ദീർഘകാലം മലേഷ്യയിൽ കച്ചവടക്കാരനായിരുന്ന മുഹമ്മദുണ്ണി ഹാജി അവിടെയും ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് സമയം കാണുകയുണ്ടായി. മലേഷ്യയിൽ വിവിധ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന മലയാളികളെ സംഘടിപ്പിക്കാൻ പ്രയാസമുണ്ടായിരുന്ന കാലത്തുപോലും തന്റെ ചുറ്റുപാടിൽ സംഘടിപ്പിക്കാവുന്ന പതിനഞ്ചോളം പേർ ഉണ്ടായപ്പോൾ അവിടെ ഒരു ഇസ്‌ലാമിക് സ്റ്റഡി സർക്കിൾ രൂപീകരിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അബുൽ ജലാൽ മൗലവിയും ശരീഫ് മൗലവിയും മലേഷ്യയിൽ വന്ന സമയത്ത് അന്നത്തെ യൂനിവേഴ്സിറ്റി മലയാ മുസ്‌ലിം വിദ്യാർഥി ഫെഡറേഷൻ പ്രസിഡന്റായിരുന്ന അൻവർ ഇബ്റാഹീമിനെയും കൂട്ടുപിടിച്ചു പല സ്ഥലങ്ങളിലും അബുൽ ജലാൽ മൗലവിയുടെ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. മക്കളെ എല്ലാവരെയും ഇസ്‌ലാമികമായി വളർത്തിക്കൊണ്ടുവരാൻ അദ്ദേഹത്തിനു സാധിച്ചു.



**എം.എ കുഞ്ഞിമുഹമ്മദ്**

## സി.പി അവറക്കുട്ടി മാസ്റ്റർ

**മലപ്പുറം** ഏരിയയിലെ മങ്ങാട്ടുപുലം പ്രദേശത്തെ, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ താങ്ങും തണലുമായ വ്യക്തിയായിരുന്നു സി.പി അവറക്കുട്ടി മാസ്റ്റർ. ഔദ്യോഗിക ഘടനയിലില്ലെങ്കിലും പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അദ്ദേഹം ഒരുപാട് സേവനങ്ങളർപ്പിച്ചു. മലപ്പുറം കേന്ദ്രീകരിച്ച് എട്ട് മഹല്ലുകളിലെ സക്കാത്ത് സംഭരണവിതരണം, റിലീഫ് പ്രവർത്തനം, ഈദുഗാഹുകൾ മുതലായവക്ക് നേതൃത്വം നൽകിയിരുന്ന മലപ്പുറം മുസ്‌ലിം പരിപാലന സംഘത്തിന്റെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. നിർധന കുടുംബത്തിലെ വിദ്യാർഥികൾക്ക് ഉന്നതപഠനം ലഭിക്കാൻ പണം തടസ്സമാകരുതെന്ന് നിർബന്ധമുണ്ടായിരുന്ന അദ്ദേഹം പരിപാലന സംഘം മുഖേനയും അല്ലാതെയും ധാരാളം പേർക്ക് ഉപരിപഠനത്തിന് അവസരമുണ്ടാക്കിക്കൊടുത്തു. 1968 മുതൽ 1991 വരെ മലപ്പുറം പാണക്കാട് എം.യു.എ.യു.പി സ്കൂൾ പ്രധാനാധ്യാപകനായിരുന്നു. അധ്യാപക സംഘടനാ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. വേങ്ങര ഐഡിയൽ ഹയർ സെക്കന്ററി സ്കൂൾ, മലപ്പുറം മാസ് കോളേജ് എന്നിവയുടെ മാനേജറായി പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം മങ്ങാട്ടുപുലം മഹല്ല് കമ്മിറ്റി, ദാറുസ്സലാം മദ്റസ എന്നിവയുടെ സെക്രട്ടറിയായിരുന്നു. 6 ആൺമക്കളും 2 പെൺമക്കളുമടങ്ങുന്ന കുടുംബാംഗങ്ങൾ പ്രസ്ഥാന പ്രവർത്തകരും അനുഭാവികളുമാണ്.



**പി. അബൂബക്കർ, വടക്കേമണ്ണ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*